കേരള സർക്കാർ

(സംഗ്രഹം)

പത്താം പഞ്ചവത്സര പദ്ധതി – തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം – വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ്

ജി.ഒ. (എം.എസ്) നമ്പർ 60/2004/പ്ലാനിംഗ് തിരുവനന്തപുരം, 2004 ജൂലൈ 28

---

പരാമർശം :– 1. 31.03.2004–ലെ ജി.ഒ. (എം.എസ്) 40/2004/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

2. 28.06.2004–ലെ ജി.ഒ. (എം.എസ്) 48/2004/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിൽ ചില ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി ശുപാർശചെയ്തിട്ടുണ്ട്.

2. കോർഡിനേഷൻ സമിതിയുടെ ശുപാർശകൾ വിശദമായി പരിശോധിച്ച് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ച മാർഗ്ഗരേഖയ്ക്ക് ചുവടെ കൊടുത്തിരിക്കുന്ന ഭേദഗതികൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2004–05 വാർഷിക പദ്ധതി ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ അവയ്ക്ക് അംഗീകാരം നൽകുന്നതിനും പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന അവസാന തീയതികൾ, തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ദീർഘിപ്പിച്ചു നല്കിയ കോർഡിനേഷൻ സമിതിയുടെ നടപടിക്ക് സാധൂകരണം നല്കുന്നു.

| തദ്ദേശഭരണ സ്ഥാപനം | ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ട അവസാന തീയതി | ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നല്കേണ്ട അവസാന തീയതി |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2004 ജൂലൈ 26 | 2004 ആഗസ്റ്റ് 10 |
| ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | 2004 ജൂലൈ 31 | 2004 ആഗസ്റ്റ് 13 |
| ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും | 2004 ആഗസ്റ്റ് 3 | 2004 ആഗസ്റ്റ് 16 |

2004-05 വാർഷിക പദ്ധതിയിലെ പട്ടികവർഗ്ഗ ഉപപദ്ധതി പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതികൾ അവയ്ക്ക് അംഗീകാരം നല്കുന്നതിനുമുള്ള അവസാന തീയതികൾ ചുവടെ കൊടുത്തി രിക്കുന്ന പ്രകാരം ആയിരിക്കും.

| തദ്ദേശഭരണ സ്ഥാപനം | പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾക്ക് സമർപ്പിക്കേണ്ട അവസാന തീയതി | ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നല്കേണ്ട അവസാന തീയതി |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | 2004 ആഗസ്റ്റ് 26 | 2004 സെപ്തംബർ 4 |
| ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | 2004 ആഗസ്റ്റ് 31 | 2004 സെപ്തംബർ 7 |
| ജില്ലാ പഞ്ചായത്തുകൾ | 2004 സെപ്തംബർ 3 | 2004 സെപ്തംബർ 13 |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്പിൽ ഓവർ ബാധ്യത കൂടുതലായതിനാൽ, 2004 ഏപ്രിൽ 1-ന് മുമ്പ് എഗ്രിമെന്റ് വച്ച പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിന് വകയിരുത്തുന്ന വിഹിതം കുറവ് ചെയ്തതിന് ശേഷം ബാക്കിയുള്ള തുകയ്ക്ക് മാത്രം 2004-05 വാർഷിക പദ്ധതിയിൽ മേഖലാവിഭജനം നടത്തിയാൽ മതിയാകും . എന്നാൽ വനിതാ ഘടക പദ്ധതിക്ക് നീക്കിവെയ്ക്കേണ്ട പത്ത് ശതമാനം തുകയും, ശിശുക്കൾ വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിവരുടെ പ്രത്യേക പദ്ധതിക്ക് നീക്കി വയ്ക്കേണ്ട അഞ്ച് ശതമാനം തുകയും കണക്കാക്കുന്നത് 2004-05 ലെ ബഡ്ജറ്റ് അനുബന്ധം IV പ്രകാരം വകയിരുത്തിയിരിക്കുന്ന ആകെ പദ്ധതി വിഹിതത്തി ന്റെ അടിസ്ഥാനത്തിലായിരിക്കണം.

പ്രോജകട് പ്രൊഫോർമകളും ഫോറങ്ങളും പ്രിന്റ് ചെയ്യുന്നതിന്/ഫോട്ടോ കോപ്പി എടുക്കുന്നതിന് അധിക ചെലവ് വരുന്നതിനാൽ പദ്ധതി ആസൂത്രണ ചെലവുകൾക്ക് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ പരമാവധി 5000 രൂപ കൂടി അധികമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്താവുന്നതാണ്.

ഗ്രാമ പ്രദേശങ്ങളിൽ, ഹയർ സെക്കന്ററി സ്കൂളുകളുടേയും ഹൈസ്കൂളുകളുടേയും ഭാഗമായി പ്രവർത്തിക്കുന്ന എൽ.പി. വിഭാഗത്തിന്, ആവശ്യമെങ്കിൽ, ഫർണീച്ചർ വാങ്ങി നൽകുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

കാസറഗോഡ്, മലപ്പുറം, തിരുവനന്തപുരം ജില്ലകളിലെ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ രേഖകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്ന പ്രവർത്തനങ്ങൾക്കാവശ്യമായ തുക ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും 2004-05 ലെ പദ്ധതി വിഹിതത്തിലെ സാധാരണ വിഹിതത്തിൽ (Normal Share of General Sector) നിന്ന് വകയിരുത്താവുന്നതാണ്.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിന് 2003-04-ലെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിന് 29.03.2004-ലെ ജി.ഒ. (എം.എസ്)

36/2004/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ 2004-05 വാർഷിക പദ്ധതിയിലും പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (SGSY) പ്രകാരം രൂപീകരിച്ചിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എസ്.ജി.എസ്.വൈ. മാനദണ്ഡപ്രകാരം ബ്ലോക്ക് പഞ്ചായത്തു കൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് റിവോൾവിംഗ് ഫണ്ട് നല്കാവുന്നതാണ്.

ബ്ലോക്കു പഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നല്കുന്നതിനുള്ള ചുമതല ബ്ലോക്ക തല ടെക്നിക്കൽ കമ്മിറ്റിയ്ക്ക് നൽകുന്നു.

3. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം. വിജയാനന്ദ്

ഗവണ്മെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടകർ
2. ഗ്രാമവികസന കമ്മീഷണർ
3. നഗരകാര്യ വകുപ്പ് ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
5. ഗവണ്മെന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണം
6. ഗവണ്മെന്റ് സെക്രട്ടറി, പൊതുവിദ്യാഭ്യാസം
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
9. പബ്ലിക്ക് റിലഷൻസ് വകുപ്പ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
10. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
11. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർ (ജില്ലാ കളക്ടർമാർ)ക്കും
12. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
17. എക്സിക്യൂട്ടീവ് ഡയറക്ടർ, കടുംബശ്രീ
18. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള തിരുവനന്തപുരം (ഉപരിപത്രം സഹിതം)

22. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം (ഉപരിപത്രം സഹിതം)
23. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
24. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ
25. ജനറൽ സെക്രട്ടറി , കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
28. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ

***പകർപ്പ് :***

1. മുഖ്യമന്ത്രിയുടെ പ്രിൻസപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
6. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
7. തദ്ദേശസ്വയം ഭരണ വകുപ്പ്
8. ഗ്രാമ വികസന വകുപ്പ്

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2003-04 ലെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിന് 29.03.2004- ലെ ജി.ഒ.(എം.എസ്) 36/2004/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ പ്രസക്ത ഭാഗങ്ങൾ

1. കാഴ്ച ശക്തി ഇല്ലാത്തവർ, കാഴ്ചശക്തി കുറവുള്ളവർ, കുഷ്ഠരോഗ വിമുക്തർ, കേഴ്വി ക ക്തി ഇല്ലാത്തവർ, അസ്ഥി സംബന്ധമായ തകരാറുള്ളവർ, മാനസിക വെല്ലുവിളി കൾ നേരിടുന്നവർ (ബുദ്ധിമാദ്ധ്യം സംഭവിച്ചവർ), മാനസികരോഗികൾ മുതലായവരെയാണ് ശാരീരികവും മാനസികവുമായ വെല്ലുവിളിള്‍ നേരിടുന്നവർ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടത്.
2. ഈ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് സാധാരണ ജീവിതത്തിൽ കഴിയുന്നത്ര പരസഹായം കൂടാതെയുള്ള ജീവിതം തുടരുന്നതിന് സഹായകരമായ പരിപാടികളാണ് ആവിഷ്കരിച്ചു നടപ്പാക്കേണ്ടത്.
3. ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിവരുടെ പ്രത്യേക പദ്ധതിക്ക് വകയിരുത്തുന്ന 5 ശതമാനം വിഹിതത്തിൽ നിന്ന് ചുവടെയുള്ള ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കാവുന്നതാണ്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ കണ്ടെത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള സമഗ്ര പദ്ധതി തയ്യാറാക്കുന്നതിനും വിവരശേഖരണ സർവ്വെ നടത്തുക.

സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന ശാരീരിക മാനസിക വെല്ലുവിളികൾ നേരിടന്നവർക്കുവേണ്ടിയുള്ള ഗണ്മെന്റ് സ്ഥാപനങ്ങളുടെ അറ്റകുറ്റപണികൾക്കും അടിസ്ഥാന സൗകര്യ വർദ്ധനവിനും പ്രോജക്ടുകൾ തയ്യാറാക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ചുവടെ വിവരിക്കുന്ന നിരക്കിൽ സമ്പത്തിക സഹായം അനുവദിക്കുക.

(a) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്

| സ്റ്റാൻഡർഡ്/ കോഴ്സ് | പ്രതിമാസ സ്കോളർഷിപ്പ് തുക (രൂപ) വീട്ടിൽ നിന്ന് പോയി വരുന്നവർക്ക് | പ്രതിമാസ സ്കോളർഷിപ്പ് തുക (രൂപ) ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് | വാർഷിക അലവൻസ് (രൂപ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 മുതൽ 4 വരെ | 250 | --- | 250 |
| 5 മുതൽ 8 വരെ | 350 | --- | 400 |
| 9,10,+2 സ്റ്റാൻഡേർഡുകൾ | 450 | 750 | 500 |
| ബിരുദപഠനം | 650 | 1000 | 750 |
| ബിരുദാനന്തരപഠനം | 750 | 1000 | 1000 |

(b) (i) അസ്ഥി സംബന്ധമായ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം യാത്രാ അലവൻസ് 100 രൂപ

(ii) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ യാത്രാ സൗകര്യം ഉപയോഗിക്കുന്നവർക്ക് സ്ഥാപനം നിശ്ചയിച്ചിട്ടുള്ള നിരക്ക്.

(c) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്

(i) പ്രതിമാസ സ്കോളർഷിപ്പ് 400 രൂപ

(ii) വാർഷിക ഡ്രസ് അലവൻസ് 600 രൂപ

(iii) പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രതിവർഷ അലവൻസ് 1000 രൂപ

(d) സ്കൂളിൽ പോയി വരുവാൻ സ്കൂളിലെ യത്രാ സംവിധാനം ഉപയോഗിക്കുന്നതിന് സ്കൂൾ അധികൃതർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ യാത്രാ അലവൻസ് നല്കാവുന്നതാണ്. സ്കൂളിൽ നിന്ന് വിനോദ യാത്രയ്ക്കോ, പഠന പര്യടനത്തിനോ പോകുന്നുണ്ടെങ്കിൽ അതിനുവേണ്ടി വരുന്ന ചെലവും അനുവദിക്കാവുന്നതാണ്.

(e) 21 വയസ്സിന് മുകളിൽ പ്രായമുള്ളവരും സ്കൂളിൽ നേരിട്ട് പഠിക്കാത്തവരുമായ മാനസിക വെല്ലുവിളികൾ നരിടുന്നവർക്ക് സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ പകൽ സമയം ചെലവഴിക്കുന്നതിന് സംവിധാനം ലഭ്യമാണെങ്കിൽ അവരുടെ ചെലവിലേയ്ക്ക് പ്രതിമാസം 500 രൂപ നിരക്കിൽ സ്ഥാപനത്തിന് പരിരക്ഷണ ചെലവായി നൽകാവുന്നതാണ്.

4. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനം

(i) സാമൂഹ്യക്ഷേമ വകുപ്പിന്റെ ചുമതലയിൽ തിരുവനന്തപുരത്തും കോഴിക്കോടും പ്രവര്‍ത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകൾക്ക് പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്

(ii) മുകളിൽ സൂചിപ്പിച്ചിട്ടുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ സമീപ പഞ്ചായത്തുകളിൽ നിന്നുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരെ തൊഴിൽ പരിശീലനത്തിനായി അതത് പഞ്ചായത്തുകൾക്ക് നിയോഗിക്കാവുന്നതും അതിനുവേണ്ടി വരുന്ന ചെലവ് ബിരുദാനന്തര വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നിരക്കിൽ അനുവദിക്കാവുന്നതുമാണ്.

5. ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവരുടെ ആരോഗ്യ പ്രശ്നങ്ങൾ ശാരീരിക മാനസിക വൈകല്യങ്ങൾ നേരിടുന്നവരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരി ക്കുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിലെ പ്രാഥമികാരോ ഗ്യകേന്ദ്രം /കമ്മ്യൂ ണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ചെയർമാനും തദ്ദേശഭരണ സ്ഥാപനത്തിൽ ലഭ്യമായ ഒരു മെഡിക്കൽ പ്രാക്ടീഷണർ അംഗവും സംയോജിത ശിശു വികസന പരിപാടി (ഐ.സി.ഡി.എസ്.) സൂപ്പർവൈസർ കൺവീനറുമായി ഒരു സമിതി രൂപീകരിക്കേണ്ടതും പ്രസ്തുത സമിതി രോഗ ചികിത്സാ വിവരം സംബന്ധിച്ച രേഖകൾ പരിശോധിച്ച് ആവശ്യം വേണ്ട ഔഷധങ്ങളോ സേവനങ്ങളോ (ശസ്ത്രക്രിയ, സ്കാനിംഗ്, എക്സ്– റേ , ലബോ

റട്ടറി പരിശോധനകൾ മുതലായവ)ഉപകരണങ്ങളോ ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യാവുന്നതും അത് പ്രകാരം ആവശ്യമായ ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാവുന്നതുമാണ്. സ്വകാര്യ ആശുപത്രികളിലെ ചികിത്സക്ക് വേണ്ടി വരുന്ന ചെലവും മുകളിൽ പ്രതിപാദിച്ചിട്ടുള്ള സമിതിയുടെ ശുപാർശ പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും ചെലവാക്കാവുന്നതാണ്. രോഗ ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് പരിധി നിശ്ചയിക്കാൻ പാടില്ലാത്തതാണ്.

6. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമത്തിന് ഗവണ്മെന്റ് /സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലേയ്ക്ക് റിക്രിയേഷൻ സൗകര്യങ്ങൾക്കും കാഴ്ച ശക്തി, കേഴ്വിശക്തി എന്നിവയില്ലാത്തവരുടെ പരിശോധനയ്ക്കും പുനരധി വാ സത്തിനും വേണ്ട ഉപകരണങ്ങളോ സ്പെഷ്യൽ ഉപകരണങ്ങളോ വാങ്ങാൻ സാമ്പത്തിക സഹായം നല്കാവുന്നതാണ്.

*********************